**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1582** — **31.01.2018 ൽ മറുപടിയ്ക്ക്**

## നാളികേര കൃഷി നേരിടുന്ന പ്രതിസന്ധി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എം. സ്വരാജ്** | | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് നാളികേര കൃഷി നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ; | ബി) | നാളികേരത്തിന് വിലയിടിവും വിലസ്ഥിരത ഇല്ലായ്മയും നിലവിലുണ്ടായിരുന്ന സമയത്ത് കേരഫെഡ് മുഖേന വിപണിയേക്കാളും ഉയർന്ന വില നൽകി പച്ചതേങ്ങാ സംഭരണം നടപ്പിലാക്കിയത് കാരണം വളരെ മെച്ചമായ വില ഇപ്പോൾ നാളികേരത്തിന് നിലനിർത്തുവാൻ സാധിച്ചിട്ടുണ്ട്. |
| സി) ശാസ്ത്രീയ രീതിയിൽ ഈ മേഖലയിൽ കൃഷി നടത്തുന്നത് പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വിശദമാക്കുമോ? | സി) | 2017-18 വർഷം സർക്കാർ കേരവർഷമായി പ്രഖ്യാപിച്ച് വിപുലമായ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കാർഷിക മേഖലയിൽ തെങ്ങുകയറ്റം ഉൾപ്പെടെ ഉള്ള എല്ലാ കൃഷിപ്പണികൾക്കും വിദഗ്ധ തൊഴിലാളികളുടെ സേവനം ലഭ്യമാക്കുക, യന്ത്രവത്കരണത്തിലൂടെ കൃഷി പണികൾ യഥാസമയം നടത്തുക, കൃഷി ചിലവുകൾ ഗണ്യമായി കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെ കാർഷിക കർമ്മസേനകൾ, അഗ്രോസർവ്വീസ് സെന്ററുകൾ എന്നീ നാമധേയത്തിൽ കാർഷിക മേഖലയിൽ പ്രവർത്തിക്കുവാൻ സേവനദാതാക്കളുടെ സംഘങ്ങളെ രൂപീകരിച്ചിട്ടുണ്ട്. പരിശീലനം ലഭിച്ച ഇത്തരം വിദഗ്ധ തൊഴിലാളികളുടെ സംഘങ്ങളുടെ സേവനം കാർഷിക |

മേഖലയിലെ തൊഴിലാളി പ്രശ്നത്തിന്മേൽ ഒരു പരിധിവരെ ആശ്വാസമായിട്ടുണ്ട്.

സമഗ്ര നാളികേരകൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. 250 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 44 കേരഗ്രാമങ്ങൾ, പുതുതായി തെരഞ്ഞെടുത്ത 53 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലായാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ശാസ്ത്രീയമായി കൃഷി ചെലവുകൾ ക്രമീകരിച്ചുകൊണ്ട് ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുവാൻ ഉതകുന്ന ഘടകങ്ങൾ എല്ലാം തന്നെ സമഗ്ര നാളികേര വികസനത്തിനായുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അത്യുല്പാദന ശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, കേര കൃഷിയിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുക, വിളവെടുപ്പിന് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, കണിക ജലസേചനം വഴി ജല ഉപയോഗം ക്രമീകരിക്കുക എന്നുള്ളതാണ് ടി പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. 567.50 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ ബഡ്ജറ്റ് വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ഒരു ക്യാമ്പയിൻ അടിസ്ഥാനത്തിൽ അവലംബിക്കുവാനുള്ള പദ്ധതിയ്ക്കായി 300 ലക്ഷം രൂപയും കേന്ദ്ര തോട്ടവിള കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാനായി 300 ലക്ഷം രൂപയും വകയിരുത്തി പദ്ധതി

നടപ്പിലാക്കി വരുന്നു. കൂടാതെ SCSP/TSP മേഖലകളിൽ തെങ്ങ് പ്രദർശനതോട്ടങ്ങൾ സ്ഥാപിക്കുവാൻ 175 ലക്ഷം രൂപയുടെ പദ്ധതിയും പ്രായാധിക്യവും, രോഗവും മൂലം ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകളെ വെട്ടിമാറ്റി പുതിയവ നടുന്നതിനും ബാക്കി നിലനിൽക്കുന്ന തെങ്ങുകളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിന് വേണ്ടിയുള്ള 1315.65 ലക്ഷം രൂപയുടെ നാളികേര വികസന ബോർഡ് അനുവദിച്ചുതന്ന കേന്ദ്രാവിഷ്കൃത പദ്ധതിയും ഈ വർഷം നാളികേര വികസനത്തിനായി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് നാളികേര വികസനത്തിനായി കൃഷി വകുപ്പ് മന്ത്രി ചെയർമാനായി 'കോക്കനട്ട് മിഷൻ' രൂപീകരിച്ച് പ്രവർത്തിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

Maya P

**സെക്ഷൻ ഓഫീസർ**